**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: **0471 2525300 2332120, 2338487**

**<u>വിജ്ഞാപനം</u>**

**<u>കീം - 2025</u>**
**<u>എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2025</u>**
**<u>ഉത്തര സൂചികകൾ പ്രസിദ്ധീകരിച്ചു.</u>**

2025 ഏപ്രിൽ 23 മുതൽ 29 വരെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും കൂടാതെ ഡൽഹി, ചെന്നൈ, ബംഗളൂരു, മുംബൈ, ദുബായ് എന്നിവിടങ്ങളിലും വച്ച് നടത്തിയ 2025-26 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ ഉത്തരസൂചികകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ഉത്തരസൂചിക, ചോദ്യങ്ങൾ എന്നിവ സംബന്ധിച്ച് ആക്ഷേപമുള്ള വിദ്യാർത്ഥികൾക്ക് **03.05.2025, 5.00 PM** വരെ ഓരോ ചോദ്യത്തിനും 200/- രൂപ ഓൺലൈനായി ഒടുക്കി കാൻഡിഡേറ്റ് പോർട്ടലിലൂടെ പരാതികൾ സമർപ്പിക്കാവുന്നതാണ്. കാൻഡിഡേറ്റ് പോർട്ടലിലെ 'Answer Key Challenge (Engineering), Answer Key Challenge (Pharmacy)' എന്നീ ലിങ്കുകളിൽ ആവശ്യമായത് ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്കു ഉത്തരസൂചികയിലെ/ചോദ്യത്തിലെ പരാതികൾ സമർപ്പിക്കാവുന്നതാണ്. സമർപ്പിച്ച പരാതി ശരിയാണെന്ന് ബോധ്യപ്പെട്ടാൽ, ആ ചോദ്യത്തിന് അടച്ച ഫീസ് തിരികെ നൽകുന്നതാണ്. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിൽ നൽകിയിരുന്ന അക്കൗണ്ട് നമ്പറിലായിരിക്കും റീഫണ്ട് നൽകുന്നത്. നിശ്ചിത സമയത്തിനുള്ളിലും ഫീസ് ഒടുക്കാത്തതുമായ പരാതികൾ സ്വീകരിക്കുന്നതല്ല. തപാലിലൂടെയോ, ഈമെയിൽ മുഖേനയോ, നേരിട്ടോ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300 2332120, 2338487**

Signed by Arun S Nair
Date: 29-04-2025 17:58:09

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29-04-2025